പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.4476

25/06/2019-ൽ

മറുപടിയ്ക്ക്

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

**ചോദ്യം**

**ശ്രീ.ടി. വി. ഇബ്രാഹിം**

**മറുപടി**

**പ്രൊഫ.സി.രവീന്ദ്രനാഥ്**

**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) ഒരു കോടി, മൂന്നുകോടി, അഞ്ചുകോടി എന്നിങ്ങനെ തുക ചെലവഴിച്ച് അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന സ്കൂളുകളിലെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള 3 കോടി കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 'കിഫ്ബി' അംഗീകാരം, ടെണ്ടർ നടപടി എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനവും ആരംഭിക്കുന്നതാണ്. 'കിഫ്ബി' സഹായം ലഭിക്കാത്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം പ്ലാൻ ഫണ്ടുപയോഗിച്ചാണ് ചെയ്യുന്നത്. 2018-19 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 166 സ്കൂളുകൾക്ക് 3 കോടി രൂപയുടേയും 446 സ്കൂളുകൾക്ക് 1 കോടി രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അഞ്ച് കോടി വീതം അനുവദിച്ച എല്ലാ സ്കൂളുകളും ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 5 കോടി രൂപ ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന 141 സ്കൂളുകളിൽ 137 എണ്ണത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ബാക്കി 4 സ്കൂളുകളിൽ 2 സ്കൂളുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി നൽകുകയും രണ്ട് സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരികയും ചെയ്യുന്നു.

| | |
|---|---|
| (സി) മൂന്ന് കോടി വീതം അനുവദിച്ച വിഭാഗത്തിലെ ടെൻഡർ പുരോഗതി, പ്രവൃത്തി പുരോഗതി എന്നിവ അറിയിക്കാമോ; പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; അറിയിക്കാമോ; | (സി) മൂന്ന് കോടിയുടെ സ്കൂളുകളിൽ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച 185 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ബാക്കി 115 സ്കൂളുകളിൽ 40 സ്കൂളുകളുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ബാക്കി 68 സ്കൂളുകളുടെ റീടെണ്ടർ നടപടി നടന്നുവരുന്നു. 7 സ്കൂളുകളിൽ മാസ്റ്റർപ്ലാനിൽ വ്യതിയാനങ്ങൾ വന്നിട്ടുണ്ട്. |
| (ഡി) കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി, മൂന്നുകോടി, അഞ്ചുകോടി വിഭാഗത്തിൽ ഉൾപ്പെട്ട സ്കൂളുകളുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; ടെൻഡർ നടപടിയുടെ വിശദാംശങ്ങൾ, പ്രവൃത്തി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ എന്നിവ അറിയിക്കാമോ? | (ഡി) 2017- 2018 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത കൊണ്ടോട്ടി ഗവ.ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 25% പൂർത്തിയായിട്ടുണ്ട്. കൂടാതെ കിഫ്ബി 3 കോടി രൂപ അനുവദിച്ച് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത വാഴക്കാട് GHSS, കോട്ടപ്പുറം GHSS, ചാലിയപ്പുറം GHSS എന്നിവയുടെ റീ ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.<br><br>2018-19 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി മണ്ഡലത്തിലെ താഴെപ്പറയുന്ന 5 സ്കൂളുകൾക്ക് 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1.ഗവ.എച്ച്.എസ്.എസ് തടത്തിൽപ്പറമ്പ<br>2.ഗവ.എം.യു.പി.എസ് വാഴക്കാട്<br>3.ഗവ.എച്ച്.എസ്.എസ്.ചുള്ളിക്കോട്<br>4.ഗവ.യു.പി.എസ് ചീക്കോട്<br>5.ഗവ.എച്ച്.എസ്.മുതുവല്ലൂർ |

Nanitha.T

**സെക്ഷൻ ഓഫീസർ**